# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## 2018 ജൂൺ 21 വ്യാഴം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3739
## പാചകതൊഴിലാളികളുടെ അവധിക്കാല വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ഡോ. ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സ്കൂൾ വേനലവധിക്കാലത്ത് കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പാചകതൊഴിലാളികൾക്ക് നൽകിയ അവധിക്കാല വേതനം (ഏപ്രിൽ, മെയ് മാസങ്ങളിൽ) ഈ വർഷം ഇതുവരെ നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സ്കൂൾ പാചകതൊഴിലാളികൾ സ്കൂൾ വേനലവധിക്കാലത്ത് അനുഭവിക്കുന്ന സാമ്പത്തിക പ്രയാസം കണക്കിലെടുത്ത് സർക്കാർ/എയ്ഡഡ് സ്കൂൾ പാചകതൊഴിലാളികൾക്ക് 2000/- രൂപ വീതം സമാശ്വാസം നൽകാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പൊതു വിദ്യാഭ്യാസ (ഡി) വകുപ്പിൽ നിന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത വേതനം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | |
| (സി) | സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനത്തിന്റെ കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിൽ വരുത്തിയ കാര്യങ്ങൾ വിശദമാക്കുമോ; | സ്കൂൾ പാചക തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ